# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :1308 — 04-12-2014 ൽ മറുപടിക്ക്

### മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.അച്ചുതൻ,<br>ശ്രീ.എ.റ്റി.ജോർജ്,<br>ശ്രീ.റ്റി.എൻ.പ്രതാപൻ,<br>ശ്രീ.വി.പി.സജീന്ദ്രൻ | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോർ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ആരുടെയെല്ലാം സഹായമാണ് ഇതിനായി പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത്, വിശദാംശങ്ങൾ എന്തെല്ലാമാണ് ; | (ബി) | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയാണ് മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നത്. മാവേലി സ്റ്റോറുകൾ ആരംഭിയ്ക്കുന്നതിനായുള്ള അടിസ്ഥാന സൗകര്യങ്ങളായ അഞ്ചുവർഷത്തേയ്ക്കായുള്ള വാടക രഹിത കെട്ടിടവും കമ്പ്യൂട്ടറിനും ഫർണിഷിംഗിനുമായുള്ള ഒരു ലക്ഷം രൂപയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കേണ്ടതാണ്. |
| (സി) | ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; | (സി) | മാവേലി സ്റ്റോറുകളില്ലാത്ത 56 പഞ്ചായത്തുകളിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനായുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട പഞ്ചായത്ത് അധികാരികളുമായി സപ്ലൈകോ ഹെഡ് ആഫീസിൽ നിന്നും താലൂക്ക്തല ആഫീസുകളിൽനിന്നും കത്തിടപാടുകൾ നടത്തി വരുന്നുണ്ട്. ഇതിൽ 10 പഞ്ചായത്തുകളിൽ വിൽപ്പനശാലകൾ തുടങ്ങുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പദ്ധതി മൂലം പൊതുവിപണിയിലെ വിലവർദ്ധന എത്രമാത്രം നിയന്ത്രിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ? | (ഡി) | ആകെയുള്ള 978 ഗ്രാമപഞ്ചായത്തുകളിൽ 56 പഞ്ചായത്തുകളിലൊഴികെ ബാക്കി എല്ലാപഞ്ചായത്തുകളിലും സപ്ലൈകോയുടെ വിൽപ്പനശാലകൾ പ്രവർത്തിക്കുന്നതിനാലും 56 പഞ്ചായത്തുകളിലെ സാധ്യമായ മിക്ക സ്ഥലങ്ങളിലും മൊബൈൽ മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നതിനാലും ഭൂരിഭാഗം ജനങ്ങൾക്ക് സബ്സിഡി നിരക്കിലുള്ള അവശ്യസാധനങ്ങൾ ലഭ്യമാകുന്നുണ്ട്. ഇതു പൊതുവിപണിയിലെ വിലവർദ്ധനവ് ഫലപ്രദമായി നിയന്ത്രിക്കുന്നതിന് വളരെ സഹായകമാണ്. |

Beena

സെക്ഷൻ ഓഫീസർ